**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3344 - 25/06/2012-ലെ മറുപടിക്ക്**

**വിവിധ ഏജൻസികളിൽ നിന്നും എടുത്ത വായ്പ**

| **ചോദ്യം**<br>**ശ്രീ. കെ.വി.വിജയദാസ്** | **ഉത്തരം**<br>**ശ്രീ. കെ. എം. മാണി**<br>(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിന് നിലവിൽ എത്ര കോടി രൂപയുടെ വായ്പയുണ്ടെന്നുള്ള വിവരം നല്കുമോ; | (എ) പ്രാഥമിക കണക്കുകൾ പ്രകാരം 2012 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത 87242.22 കോടി രൂപയാണ്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രകോടി രൂപ കേന്ദ്ര സർക്കാർ വഴിയും വിവിധ ഏജൻസികളിൽ നിന്നും വായ്പ എടുത്തുവെന്ന് വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2011-12 സാമ്പത്തിക വർഷത്തിൽ പ്രാഥമിക കണക്കുകൾ പ്രകാരം 8568.98 കോടി രൂപയുടെ (തനി) കടം എടുത്തിട്ടുണ്ട്. കൂടാതെ 2012-13 സാമ്പത്തിക വർഷത്തിൽ പൊതുവിപണിയിൽ നിന്നും 2000 കോടി രൂപ ഇതുവരെയുള്ള കാലയളവിൽ കടമായി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇപ്രകാരം എടുത്ത വായ്പ ഏതൊക്കെ പദ്ധതികൾക്കാണ് വിനിയോഗിച്ചതെന്നും, ആയതിൽ മൂലധന നിക്ഷേപമായി എത്രകോടി രൂപ വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) ഇപ്രകാരമെടുത്ത വായ്പ ജലനിധി പദ്ധതി(ലോക ബാങ്ക്), കുടിവെള്ള പദ്ധതി (ജെ.ബി.ഐ.സി), നാഷണൽ ഹൈഡ്രോളജി പദ്ധതി (ലോക ബാങ്ക്), കേരള സുസ്ഥിര നഗരവികസന പദ്ധതി (എ.ഡി.ബി),കെ.എസ്.ടി.പി (ലോക ബാങ്ക്) എന്നിവയുൾപ്പെടുന്ന വിദേശസഹായ പദ്ധതികൾ, ഗ്രാമീണ പശ്ചാത്തല വികസന ഫണ്ടിൻ കീഴിൽ വരുന്ന പദ്ധതികൾ(ആർ.ഐ.ഡി.എഫ്), വിവിധ മേഖലകളിലുള്ള സംസ്ഥാന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം എന്നിവയ്ക്കായാണ് വിനിയോഗിച്ചത്. പ്രാഥമിക കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ മൂലധന നിക്ഷേപമായി 4560.16 കോടി വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.